**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79** **31-01-2024 - ൽ മറുപടിയ്ക്ക്**

**എല്ലാ വീട്ടിലും കുടിവെള്ളം എത്തിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാ വീട്ടിലും കുടിവെള്ളം എത്തിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കി ശുദ്ധ ജല ലഭ്യത ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>നഗരങ്ങളിലെ എല്ലാ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയും കേരളത്തിൽ നടപ്പിലാക്കിവരുന്നു.<br><br>ഇതിന് പുറമെ കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, നബാർഡ്, ആർ.കെ.ഐ തുടങ്ങിയ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപോസിറ്റ് പ്രവൃത്തികളായും കുടിവെള്ള വിതരണ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. മേൽപറഞ്ഞ വിവിധ പദ്ധതി കളിലൂടെ സംസ്ഥാനത്തെ എല്ലാവിഭാഗം ജനങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.<br><br>വിവിധ കാരണങ്ങളാൽ പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനരഹിതമായ സ്കീമുകൾ പുനരുദ്ധരിച്ച് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി Sustainability Support to Community Managed Water Supply Schemes എന്ന സ്കീമിലും SDRF ഫണ്ട് ഉപയോഗിച്ചും ചെറുതും വലുതുമായ സ്കീമുകൾ പുനരുദ്ധരിച്ച് ജലനിധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. |
| (ബി) | മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം മുടങ്ങുന്നതിനും കാലതാമസം നേരിടുന്നതിനും പ്രധാന കാരണങ്ങൾ സ്ഥലലഭ്യതയിലെ അനിശ്ചിതത്വം, മറ്റു |

വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികളിലെ കാലതാമസം എന്നിവയാണ്. നിലവിൽ ഇത് പരിഹരിക്കുന്നതിനായി വിവിധ തലങ്ങളിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ള ജലജീവൻ പദ്ധതി നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ പുറംപോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഭൂമിയുടെ ഉപയോഗാനുമതി വാട്ടർ അതോറിറ്റിക്ക് നൽകാൻ 17-06-2022-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ജല ജീവൻ മിഷൻ പദ്ധതികൾക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരം നൽകിക്കൊണ്ടും മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ ഭാഗമായി പൈപ്പുകൾ പൊതുനിരത്തുകളിലാണ് സ്ഥാപിക്കേണ്ടിവരുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി അതാത് വകുപ്പുകളുമായി സർക്കാർ തലത്തിൽ ഇടപെട്ട് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ വകുപ്പുകളിൽനിന്നും ലഭിക്കേണ്ട അനുമതികൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ജല ശക്തി മന്ത്രാലയം നേരിട്ട് ഇടപെടലുകൾ നടത്തുന്നുണ്ട്.

ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതിയായ ജലനിധിയിൽ ഉൾപ്പെടുത്തി 5884 സ്കീമുകളിലൂടെ 451777 ഗ്രാമീണ കുടുംബങ്ങൾക്ക് ജലവിതരണം നടത്തി വന്നിരുന്നു. തുടർനടത്തിപ്പ്, പരിപാലനം എന്നിവ ഗുണഭോക്തൃ സമിതികൾ തന്നെയാണ് നടത്തിയിരുന്നത്. ഇതിൽ പലവിധ കാരണങ്ങളാൽ പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനരഹിതമായ സ്കീമുകൾ പുനരുദ്ധരിച്ച് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി 2019 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന “Sustainability Support to Community Managed Water Supply Schemes” എന്ന സ്കീമിലും SDRF ഫണ്ട് ഉപയോഗിച്ചും ചെറുതും വലുതുമായ സ്കീമുകൾ പുനരുദ്ധിച്ച്

| | | | |
|---|---|---|---|
| | | | പ്രവർത്തനക്ഷമമാക്കുന്ന പദ്ധതികളും കെ.ആർ.ഡബ്ല്യൂ.എസ്സ്.എ. മുഖേന നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ